"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - കൊല്ലം, കണ്ണനല്ലൂർ എം.കെ.എൽ.എം. എച്ച്.എസ്.എസ്സിലെ എച്ച്.എസ്.ടി. (മലയാളം) ശ്രീമതി. അഖില.എ. - ന്റെ നിയമനം അംഗീകരിക്കുന്നതിനായി സമർപ്പിച്ച പുന:പരിശോധന ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.5255/2026/GEDN തീയതി,തിരുവനന്തപുരം, 04-08-2026

---

പരാമർശം:-

1. കൊല്ലം കണ്ണനല്ലൂർ എം.കെ.എൽ.എം.എച്ച്.എസ്.എസ്സിലെ എച്ച്.എസ്.ടി. (മലയാളം) തസ്തികയിൽ നിയമിതയായ ശ്രീ. അഖില.എ. - ന്റെ നിയമനം അംഗീകരിക്കുന്നതിനായി സർക്കാരിൽ സമർപ്പിച്ച 29/01/2026 തീയതിയിലെ പുന:പരിശോധന ഹർജി.
2. കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 05/05/2026 തീയതിയിലെ DEOKLM/474/2026-B4 നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 06-05-2026 തീയതിയിലെ DGE/5548/2026-ET1 നമ്പർ കത്ത്.
4. കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 07/05/2026 തീയതിയിലെ ഡിഡി.ഇ/1080/2026-ബി 3 നമ്പർ കത്ത് .

**ഉത്തരവ്**

കൊല്ലം കണ്ണനല്ലൂർ എം.കെ.എൽ.എം.എച്ച്.എസ്.എസ്. ലെ എച്ച്.എസ്.ടി. മലയാളം അധ്യാപിക ശ്രീമതി. അഖില.എ. സമർപ്പിച്ച പരാമർശം (1) പുന:പരിശോധനാ ഹർജിയിൽ 07.05.2026 തീയതിയിൽ വാദം കേട്ടു.

**2. ഹർജിക്കാരി താഴെപ്പറയുന്ന പ്രകാരം കാര്യങ്ങൾ ബോധിപ്പിച്ചു :**

കൊല്ലം ഡി.ഇ.ഒ. യുടെ കീഴിലുള്ള എം.കെ.എൽ.എം. എച്ച്.എസ്.എസ് കണ്ണനല്ലൂരിൽ, ശ്രീമതി. അഖില.എ. യെ എച്ച്.എസ്.ടി. (മലയാളം) ആയി 01-06-2023 മുതൽ, ശ്രീമതി. മീനാകുമാരി. എം.സി., എച്ച്.എസ്.ടി. (മലയാളം), 30-04-2023-ൽ റിട്ടയർ ചെയ്തത് മൂലം നിലവിൽ വന്ന ഒഴിവിൽ നിയമിച്ചിരുന്നു. ഈ നിയമനത്തിന്, 'ന്യൂ സ്കൂളി'ന്റെ ഗണത്തിൽ വരുന്ന ഈ സ്കൂളിൽ ഒരു വ്യവസ്ഥാപിത ഒഴിവ്' സംരക്ഷിത ജീവനക്കാരനെ നിയമിക്കാനായി മാനേജർ വിട്ടു നൽകിയില്ലായെന്ന ഏക കാരണം ചൂണ്ടിക്കാട്ടി കൊല്ലം ഡി.ഇ.ഒ. അംഗീകാരം നിഷേധിച്ചിരുന്നു.

ഇതിനെതിരെ, റൂൾ 8 A ചാപ്റ്റർ 14 എ KER പ്രകാരം ജോയിന്റ് മാനേജർമാർ സമർപ്പിച്ചിരുന്ന റിവിഷൻ അപ്പീൽ, 23-01-2026-ൽ നടന്ന ഫയൽ അദാലത്തിൽ തീർപ്പാക്കി ബഹു. പൊതു വിദ്യാഭ്യാസ ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 01-06-2023 മുതലുള്ള ശ്രീമതി. അഖില. എ യുടെ HST (മലയാളം), നിയമനത്തിന് 18/03/2025 മുതൽ മാത്രം അംഗീകാരം നൽകാൻ കൊല്ലം ഡി.ഇ.ഒ ക്ക് നിർദ്ദേശം നൽകികൊണ്ടാണ് റിവിഷൻ അപ്പീൽ തീർപ്പാക്കിയിട്ടുള്ളത്.

ബഹു. ഡി.ജി.ഇ. യുടെ ഈ തീരുമാനം ശ്രീമതി. അഖില.എ ക്ക് സ്വാഭാവിക നീതിയും തുല്യതക്കുള്ള അവകാശവും നിഷേധിക്കുന്നതും 'ന്യൂ സ്കൂളുകളിലെ സംരക്ഷിതാദ്ധ്യാപക നിയമം സംബന്ധിച്ച് കാലാകാലങ്ങളിൽ ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ സ്പിരിറ്റിനെതിരും സമാനകേസ്സിൽ, ഇതേ സ്കൂളിലെ തന്നെ മറ്റൊരു അദ്ധ്യാപികയുടെ കാര്യത്തിൽ ബഹു. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിൻ്റെ കൂടി അടിസ്ഥാത്തിൽ, 28-12-2025- ൽ, ബഹു. ഗവൺമെൻ്റ് പുറപ്പെടുവിച്ച ഉത്തരവിന് വിരുദ്ധവുമാണ്. ഈ സാഹചര്യത്തിലാണ് റൂൾ 92 ചാപ്റ്റർ 14 എ KER പ്രകാരം ബഹു. ഗവൺമെന്റ് മുമ്പാകെ ശ്രീമതി. അഖില.എ. മേൽ പറഞ്ഞ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തിട്ടുള്ളത്.

'ന്യൂ സ്കൂൾ' എന്ന നിലയിൽ ഒരു വ്യവസ്ഥാപിത ഒഴിവ് ജോയിന്റ് മാനേജർമാർ സംരക്ഷിത ജീവനക്കാരനെ നിയമിക്കാനായി വിട്ടു നൽകിയിട്ടില്ലായെന്ന ബഹു. കൊല്ലം ഡി.ഇ.ഒ. യുടെ കണ്ടെത്തൽ വസ്തുതാപരമല്ല. ഗവ. സർക്കുലർ നമ്പർ J2/57/2019/G.Edn തീയതി 08-03-2019-ലെ വ്യവസ്ഥകൾ പ്രകാരം, ഒരു FTM പ്രമോഷൻ ഒഴിവ്, നിശ്ചിത സമയപരിധിക്കുള്ളിൽ, (06-06-2019 നകം നിലവിൽ വന്ന ഒഴിവ്) വിട്ടു നൽകി ബഹു. കൊല്ലം ഡി.ഡി.ഇ മുമ്പാകെ ജോയിൻ്റ് മാനേജർമാർ സത്യവാങ്മൂലം സമർപ്പിച്ചിരുന്നു. ടി സത്യവാങ്മൂലം അംഗീകരിച്ച്, ബഹു. ഡി.ഡി.ഇ. മേൽ പറഞ്ഞ FTM ഒഴിവിൽ 2 FTM മാരെ നിയമിച്ചുവെങ്കിലും രണ്ടുപേരും പല കാരണങ്ങളാൽ ഡ്യൂട്ടി ജോയിൻ ചെയ്യാൻ തയ്യാറായില്ല. ഈ സാഹചര്യത്തിൽ ഈ ഒഴിവിൽ നേരത്തേ നിയമനാംഗീകാരമില്ലാതെ ജോലി നോക്കുകയും പിന്നീട് ടെർമിനേറ്റ് ചെയ്യപ്പെടുകയും ചെയ്തിരുന്ന ശ്രീ. ബി.ബിസാർ, സംരക്ഷിത FTM ലഭ്യമല്ലാത്ത സാഹചര്യത്തിൽ തനിക്ക് ഈ ഒഴിവിൽ പുനർനിയമനം നൽകാൻ നിർദ്ദേശിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ബഹു. കേരള ഹൈക്കോടതിയിൽ ഒരു റിട്ട് ഹർജി ഫയൽ ചെയ്തിരുന്നു. മാനേജർ ഒരു വ്യവസ്ഥാപിത ഒഴിവ് വിട്ടു നൽകി സത്യവാങ്മൂലം നൽകുകയും ആ ഒഴിവിൽ നിയമിക്കപ്പെടാൻ സംരക്ഷിത ജീവനക്കാരൻ (FTM) ഇല്ലാതെ വരുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ, മാനേജർ റൂൾ XXI ചാപ്റ്റർ 7(3) എ യിലെ വ്യവസ്ഥ പൂർണ്ണമായി പാലിച്ചു കഴിഞ്ഞതിനാൽ, തങ്ങളുടെ നിയമനം നിയമനത്തീയതി മുതൽ അംഗീകരിച്ചു നൽകാൻ ഡി.ഇ.ഒ. ക്ക് നിർദ്ദേശം നൽകണമെന്നപേക്ഷിച്ചു കൊണ്ട് ഈ സ്കൂളിലെ 3 അദ്ധ്യാപകർ ബഹു. ഹൈക്കോടതിയിൽ WP(C)25973/2020 എന്നൊരു റിട്ട് ഹർജിയും ഫയൽ ചെയ്തിരുന്നു. മേൽ പറഞ്ഞ 2 റിട്ടു ഹർജികളും സംയുക്തമായി പരിഗണിച്ച് 19-03-2021-ൽ ബഹു. കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ, മാനേജർ ഒരു വ്യവസ്ഥാപിത ഒഴിവ് വിട്ടു നൽകി സത്യവാങ്മൂലം നൽകുകയും ആയത് അംഗീകരിക്കപ്പെടുകയും ചെയിത സാഹചര്യത്തിൽ, മാനേജർ റൂൾ 7(3) a ചാപ്റ്റർ XXI KER പ്രകാരമുള്ള തൻ്റെ കടമ നിറവേറ്റിയതായി കണക്കാക്കണമെന്നും സംരക്ഷിത ജീവനക്കാരൻ ലഭ്യമാകാത്തതിന് മാനേജർ കുറ്റക്കാരനാകുന്നില്ലെന്നും മേൽ പറഞ്ഞ 3 അദ്ധ്യാപകരുടേയും നിയമനം നിയമനത്തിയതി മുതൽ അംഗീകരിക്കാനും ശ്രീ ബി. ബിസാറിന് മേൽ പറഞ്ഞ FTM ഒഴിവിൽ പുനർനിയമനം നൽകാനും നിർദ്ദേശം നൽകി ഉത്തരവായിരുന്നു.

"The fact of this case, in fact, no different, because eventhough two protected hands were nominated by the DDE to join the school as FTM, both at them refused to do so and therefore the rigor of the above provisions of the KER had been this discharged" എന്ന് ബഹു. കോടതി വ്യക്തമാക്കിയിട്ടുള്ളതാണ്.

ഇതേ തുടർന്ന്, മേൽ പറഞ്ഞ FTM ഒഴിവിന് പകരം, 1 HST (Mal) റെഗുലർ ഒഴിവ് സംരക്ഷിതാദ്ധ്യാപക നിയമനത്തിന് മാനേജർ വിട്ടു നൽകുകയും അത് പ്രകാരം ശ്രീ ബി. ബിനു എന്ന സംരക്ഷിത HST (Mal), 24-12-2022 മുതൽ നിയമിക്കപ്പെട്ട് 14-07-2023 വരെ ഈ സ്കൂളിൽ തുടരുകയും ചെയ്തു. 2023-24 ലെ തസ്തിക നിർണ്ണയത്തിൽ 1 HST (Mal) തസ്തിക നഷടമായതിനാൽ 15-07-2023 മുതൽ ടിയാന് തസ്തികയില്ലാത്ത സ്ഥിതി വന്നു. എന്നാൽ, 31-03-2024 വരെ ടിയാൻ ഈ സ്കൂളിൽ തന്നെ തുടർന്നിരുന്നു.

മേൽ പറഞ്ഞ HST (Mal) തസ്തികക്കു പകരം ജോയിൻ്റ് മാനേജർമാർ വീണ്ടും, 2022-23 വർഷം അനുവദിച്ച HST (അറബിക്) അധിക തസ്തിക സംരക്ഷിതാദ്ധ്യാപക നിയമനത്തിനായി വിട്ടു നൽകി 18-03-2025-ൽ ഡിക്ലറേഷൻ ബഹു ഡി.ഡി.ഇ. മുമ്പാകെ നൽകിയിരുന്നു. ബഹു. ഡി.ഡി.ഇ. യുടെ തുടർന്നുള്ള നിർദ്ദേശാനുസരണം, പ്രമോഷൻ, രാജി, റിട്ടയർമെന്റ്, മരണം തുടങ്ങിയവ മൂലം ഉണ്ടായിട്ടുള്ള റെഗുലർ ഒഴിവുകളൊന്നും നിലവിലില്ലാത്ത സാഹചര്യത്തിലാണ് HST (അറബിക്) അധിക തസ്തിക വിട്ടു നൽകുന്നതെന്ന് ജോയിന്റ് മാനേജർമാർ വീണ്ടും ഒരു സത്യവാങ്മൂലം കൂടി നൽകുകയും ചെയ്തിരുന്നു. എന്നാൽ HST (അറബിക്) സംരക്ഷിത അദ്ധ്യാപകൻ ലഭ്യമാകാത്തതിനാൽ 2022-2023 മുതൽ 2025-26 വരെയും തുടർന്ന് വരുന്ന ഈ തസ്തിക ഇപ്പോഴും ഒഴിഞ്ഞു തന്നെ കിടക്കുകയാണ്.

അതേസമയം, ഇതേ സ്കൂളിൽ ശ്രീമതി. അഖില.എ. യെ HST (Mal) ആയി നിയമിച്ച അതേ തീയതിയിൽ, (01-06-2023), റിട്ടയർമെൻ്റ് ഒഴിവിൽ, HST (Hindi) യായി നിയമിക്കപ്പെടുകയും, ബഹു. ഡി.ഇ.ഒ. മുതൽ ഡി.ജി.ഇ. വരെ, 'ന്യൂ സ്കൂൾ' എന്ന നിലവിൽ സംരക്ഷിതാദ്ധ്യാപകനെ നിയമിച്ചിട്ടില്ലായെന്ന ഇതേ ഏക കാരണം പറഞ്ഞ് അംഗീകാരം നിഷേധിച്ചിരുന്ന, ശ്രീമതി. ശ്രീലക്ഷ്മി. എം.ആർ., ബഹു. ഗവൺമെൻ്റ് മുമ്പാകെ ഫയൽ ചെയ്തിരുന്ന റിവ്യൂ ഹർജിയിന്മേൽ ഗൂഗിൾ മീറ്റ് നടത്തി, ബഹു. ഗവൺമെൻ്റ് പുറപ്പെടുവിച്ച ഉത്തരവിൽ, മാനേജർ 'ന്യൂ സ്കൂൾ' എന്ന നിലയിൽ ഒരു തസ്തിക സംരക്ഷിതാദ്ധ്യാപകനിയമനത്തിനായി വിട്ടു നൽകി ഡിക്ലറേഷൻ നൽകുകയും ആയത് അംഗീകരിച്ച് ബഹു. ഡി.ഡി.ഇ. യും, ഡി.ജി.ഇ. യും നൽകിയ റിപ്പോർട്ടുകളുടെ കൂടി അടിസ്ഥാനത്തിൽ, നിയമനത്തീയതിയായ 01-06-2023 മുതൽ തന്നെ ശ്രീമതി. ശ്രീലക്ഷ്മി. എം.ആർ. ന് നിയമനാംഗീകാരം നൽകാൻ, കൊല്ലം ഡി.ഇ.ഒ. ക്ക് നിർദ്ദേശം നൽകി ഉത്തരവായിരുന്നു. ശ്രീമതി. അഖില.എ. HST (Mal) ആണെങ്കിൽ ശ്രീമതി. ശ്രീലക്ഷ്മി എം.ആർ എച്ച്.എസ്.ടി.(ഹിന്ദി) യാണെന്ന വ്യത്യാസമൊഴിച്ചാൽ ഈ രണ്ട് നിയമനങ്ങളും 100% സമാനമാണ്. ഈ 2 നിയമനങ്ങളും റിട്ടയർമെൻ്റ് ഒഴിവിൽ 01-06-2023 മുതലുള്ളതും 'ന്യൂ സ്കൂൾ' എന്ന നിലയിൽ സംരക്ഷിതാദ്ധ്യാപക നിയമം നടത്തിയില്ലായെന്ന ഏക കാരണത്താൽ നിരാകരിക്കപ്പെട്ടിരുന്നതുമാണ്. 26-12-2025 ലെ മേൽ പറഞ്ഞ ഗവൺമെന്റ് ഉത്തരവിൽ "സംരക്ഷിതാദ്ധ്യാപകനെ നിയമിക്കുന്നതിന് തസ്തിക വിട്ടു നൽകിയിട്ടുള്ള സാഹചര്യത്തിൽ, ശ്രീമതി. ശ്രീലക്ഷ്മി.എം.ആർ ൻ്റെ 01-06-2023 മുതലുള്ള നിയമനം അംഗീകരിക്കുന്നതിന് നിലവിൽ തടസ്സങ്ങളൊന്നും ഇല്ലായെന്ന് വിദ്യാഭ്യാസ ഓഫീസർമാർ

ഹിയറിംഗ് വേളയിൽ അറിയിച്ചിട്ടുണ്ട്. ഇതേ സാഹചര്യത്തിൽ ഇതേ സ്കൂളിലെ മറ്റ് മൂന്ന് അദ്ധ്യാപകരുടെ നിയമങ്ങൾ ഇത്തരത്തിൽ സർക്കാർ തലത്തിൽ അംഗീകരിച്ചു നൽകിയിട്ടുള്ളതായി പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്" എന്ന് ബഹു. ഗവൺമെന്റ് തന്നെ വ്യക്തമാക്കിയിട്ടുള്ളതുമാണ്. ഇങ്ങനെ നോക്കുമ്പോൾ, ശ്രീമതി. ശ്രീലക്ഷ്മി. എം.ആർ, എച്ച്.എസ്.ടി. (ഹിന്ദി) ക്ക് 01-06-2023 മുതൽ നൽകിയ നിയമനാംഗീകാരം പരാതിക്കാരിയായ ശ്രീമതി. അഖില.എ. HST(Mal) ക്ക് 18-03-2025 മുതൽ മാത്രം പരിമിതപ്പെടുത്തി അംഗീകരിച്ചു തരാൻ ഉത്തരവായത് തികച്ചും വിവേചനപരവും സ്വാഭാവിക നീതി, തുല്യതക്കുള്ള അവകാശം, എന്നിവക്ക് എതിരുമാണെന്ന് ബോധിപ്പിക്കട്ടെ.

എച്ച്.എസ്.ടി. (അറബിക്) ൻറെ അധിക തസ്തിക മാനേജർ വിട്ടു നൽകി സത്യവാങ്മൂലം നൽകിയത് 18-03-2025 ലായതിനാലാണ് ആ തീയതി മുതൽ മാത്രം ശ്രീമതി. അഖില.എ. യുടെ നിയമനം അംഗീകരിക്കാൻ ബഹു. ഡി.ജി.ഇ. ഉത്തരവായതെന്ന് കാണുന്നു. യഥാർത്ഥത്തിൽ, ഗവ: സർക്കുലർ നമ്പർ/57/2019/പൊ.വിവ തീയതി 08-03-2019 പ്രകാരം യഥാസമയം, 'ന്യൂ സ്കൂൾ' എന്ന നിലയിൽ സംരക്ഷിത ജീവനക്കാരനായി മാനേജർ തസ്തിക വിട്ടു നൽകിയിരുന്നു. ആ തസ്തികയിൽ സംരക്ഷിത FTM മാർ ലഭ്യമാകാതിരുന്നതിനാലാണ് തുടർന്ന് അതിന് പകരം ആദ്യം എച്ച്.എസ്.ടി. (Mal) ഒഴിവും ആ ഒഴിവ് നഷ്ടപ്പെട്ടപ്പോൾ പകരം എച്ച്.എസ്.ടി. (അറബിക്) അധിക തസ്തികയും വിട്ടു നൽകിയത്. കൂടാതെ, 'ന്യൂ സ്കൂൾ' എന്നത് പരിഗണിച്ച് ഒരൊഴിവ് സംരക്ഷിത ജീവനക്കാരനായി വിട്ടു നൽകി മാനേജർ ഡിക്ലറേഷൻ നൽകി കഴിഞ്ഞാൽ, ആ മാനേജർ നടത്തിയ മറ്റ് നിയമനങ്ങൾ നിയമനത്തീയതി മുതൽ തന്നെ അംഗീകരിക്കാമെന്ന്, GO (MS) NO.101/2023/GEdn 18-07-2023 ഉത്തരവിൽ സ്പഷ്ടീകരണം നൽകിയിട്ടുള്ളതുമാണ്. മേൽ പറഞ്ഞ ഗവ: ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2019-20 മുതലുള്ള നിയമനങ്ങൾ അംഗീകരിക്കാവുന്നതാണെന്നും വ്യക്തത വരുത്തിയിട്ടുണ്ട്. മാത്രമല്ല, സംരക്ഷിതാദ്ധ്യാപകൻ ഡ്യൂട്ടിയിൽ പ്രവേശിക്കുന്ന തീയതി മുതൽ മാത്രമേ ആ മാനേജർമാർ നടത്തിയ മറ്റ് നിയമനങ്ങൾക്ക് അംഗീകാരം നൽകാവൂ എന്ന റൂൾ 7(5) ചാപ്റ്റർ XXI KER വ്യവസ്ഥക്ക് ഇളവ് നൽകി പുറപ്പെടുവിച്ച ഗവ: ഉത്തരവിൽ, സംരക്ഷിതാദ്ധ്യാപക നിയമനത്തിനായി തസ്തിക വിട്ടു നൽകി ഡിക്ലറേഷൻ നൽകിയ തീയതി മുതലോ, സംരക്ഷിതാദ്ധ്യാപകൻ ഡ്യൂട്ടിയിൽ പ്രവേശിച്ച തീയതി മുതലോ അല്ല മറിച്ച്, "സംരക്ഷിതാദ്ധ്യാപകരുടെ നിയമനത്തിനായി തസ്തിക മാറ്റി വച്ചുകൊണ്ട് അക്കാര്യം വിദ്യാഭ്യാസ ഓഫീസറെ അറിയിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത സ്കൂളിൽ സംരക്ഷിതാദ്ധ്യാപകരെ നിയമിക്കാത്തതിനാൽ തടസ്സപ്പെട്ടിരിക്കുന്ന മറ്റ് നിയമനങ്ങൾക്ക് നിയമനത്തീയതി മുതൽക്ക് അംഗീകാരം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു." എന്നാണ് സംശയലേശമന്യേ വ്യക്തമാക്കിയിട്ടുള്ളത്.

2023-24-ൽ 1 എച്ച്.എസ്.ടി. (Mal) തസ്തിക കുറച്ച തസ്തിക നിർണ്ണയ ഉത്തരവിനെതിരെ ജോയിൻറ് മാനേജർമാർ സമർപ്പിച്ച അപ്പീൽ തീരുമാനമാകാതിരുന്ന സാഹചര്യത്തിലാണ്. 01-10-2022 മുതലനുവദിച്ചതും ഒഴിഞ്ഞു കിടന്നതുമായ 2022-23-ലെ HST (അറബിക്) അധിക തസ്തിക, സംരക്ഷിതാദ്ധ്യാപക നിയമനത്തിനായി HST (Mal) ഒഴിവിന് പകരം വിട്ടു നൽകി ഡിക്ലറേഷൻ നൽകാൻ വൈകിയത്. സർവ്വോപരി, ശ്രീമതി. അഖില.എ. യെ 01-06-2023-ൽ നിയമിക്കുന്ന സമയം ഈ സ്കൂളിൽ 'ന്യൂ സ്കൂൾ' എന്ന നിലയിൽ ശ്രീ. ബി. ബിനു എന്ന സംരക്ഷിത അദ്ധ്യാപകൻ, അനുവദിക്കപ്പെട്ട HST (Mal) തസ്തികയിൽ ജോലി ചെയ്തിരുന്നു. 15-07-2023 മുതലാണ് ടിയാന് തസ്തിക നഷ്ടമായത്.

മേൽ പറഞ്ഞ വസ്തുകകൾ പരിഗണിച്ച്. 18-03-2025 മുതൽ മാത്രം അംഗീകരിക്കാൻ ഉത്തരവായ പരാതിക്കാരിയുടെ HST (Mal) നിയമനം, ശ്രീമതി. ശ്രീലക്ഷ്മി. എം.ആർ. HST (ഹിന്ദി) യുടെ കാര്യത്തിൽ, ഗവൺമെന്റ് ഉത്തരവ് പ്രകാരം, നിയമനത്തീയതിയായ 01-06-2023 മുതൽ നിയമനാംഗീകാരം നൽകാൻ ഉത്തരവായതു പോലെ, തീർത്തും സമാനകേസായ ശ്രീമതി. അഖില.എ. HST (Mal) യുടെ കാര്യത്തിലും 01-06-2023 മുതൽ ഭിന്നശേഷി സംവരണനിയമന വ്യവസ്ഥകൾക്കു വിധേയമായി, ദിവസ വേതനാടിസ്ഥാനത്തിൽ അംഗീകരിച്ചു നൽകാൻ കൊല്ലം ഡി.ഇ.ഒ. ക്ക് നിർദ്ദേശം നൽകി ഈ റിവ്യൂ ഹർജി തീർപ്പാക്കണമെന്ന് അപേക്ഷിക്കുന്നു.

3. വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട് ഇപ്രകാരമാണ് :

കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ അധികാര പരിധിയിലുള്ള എയ്ഡഡ് വിദ്യാലയമായ കണ്ണനല്ലൂർ എം.കെ.എൽ.എം.എച്ച്.എസ്.എസ് ലെ എച്ച്.എസ്.റ്റി (മലയാളം) ശ്രീമതി. ബീനാകുമാരി.എം.സി-യുടെ 30-04-2023-ലെ വിരമിക്കൽ ഒഴിവിൽ ശ്രീമതി.അഖില.എ-യെ എച്ച്.എസ്.റ്റി (മലയാളം) തസ്തികയിൽ മാനേജർ 01-06-2023 മുതൽ നിയമിച്ചിരുന്നു. എന്നാൽ കണ്ണനല്ലൂർ എം.കെ.എൽ.എം.എച്ച്.എസ്.എസ് പുതിയതായി ആരംഭിച്ച സ്കൂളുകളുടെ ഗണത്തിൽപെട്ടതിനാൽ ടി സ്കൂളിൽ KER അധ്യായം XXI ചട്ടം 7(3) പ്രകാരം സംരക്ഷിതാധ്യാപക നിയമനം നടത്തിയിട്ടില്ലാത്ത കാരണത്താൽ കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ ശ്രീമതി.അഖില. എ-യുടെ നിയമനം നിരസിച്ച് ഉത്തരവായിരുന്നു.

ടി ഉത്തരവിനെതിരെ മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിവിഷൻ അപ്പീൽ സമർപ്പിക്കുകയുണ്ടായി. കണ്ണനല്ലൂർ എം.കെ.എൽ.എം.എച്ച്.എസ്.എസ് പുതിയതായി ആരംഭിച്ച സ്കൂളുകളുടെ ഗണത്തിൽപെട്ടതിനാൽ, ടി സ്കൂളിൽ KER അധ്യായം XXI ചട്ടം 7(3) പ്രകാരം സംരക്ഷിതാധ്യാപക നിയമനം നടത്തേണ്ടതായിട്ടുണ്ട്. ടി സ്കൂളിൽ സംരക്ഷിത അദ്ധ്യാപക നിയമനത്തിനായി വിട്ടുനൽകിയ എച്ച്.എസ്.റ്റി (മലയാളം) തസ്തികയിൽ 24-12-2022 മുതൽ സംരക്ഷിത അദ്ധ്യാപകനായ ശ്രീ.ബി.ബിനു സേവനമനുഷ്ഠിച്ചു വരവേ, 2023-2024 വർഷത്തെ തസ്തിക നിർണ്ണയ പ്രകാരം ടി തസ്തിക നഷ്ടപ്പെട്ടു. ടി സ്കൂളിലെ തന്നെ എച്ച്.എസ്.റ്റി (മലയാളം) ശ്രീമതി.ബീനാകുമാരി-യുടെ 30-04-2023 തീയതിയിലെ വിരമിക്കൽ ഒഴിവിലാണ് ശ്രീമതി.അഖില. എ-യെ മാനേജർ 01-06-2023 മുതൽ നിയമിച്ചത്. ടിയാനെ നിയമിക്കുന്ന സമയത്ത് സംരക്ഷിത അദ്ധ്യാപകനായ ശ്രീ.ബി.ബിനു-ന് ടി സ്കൂളിൽ നിലനിൽക്കുന്നതിനുള്ള തസ്തിക ലഭ്യമല്ലായിരുന്നു. തുടർന്ന് 2022-2023 വർഷത്തെ തസ്തിക നിർണ്ണയ പ്രകാരം അനുവദിച്ചതും 2025 വരെ ഒഴിഞ്ഞു കിടന്നതുമായ എച്ച്.എസ്.റ്റി (അറബിക്) തസ്തിക സംരക്ഷിതാധ്യാപക നിയമനം നടത്തുന്നതിനായി 18-03-2025-ൽ മാനേജർ വിട്ടുനൽകുകയും കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സത്യവാങ്മൂലം സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ സംരക്ഷിത എച്ച്.എസ്.റ്റി അറബിക് അദ്ധ്യാപകരെ നിയമിക്കാൻ ഇല്ലാത്തതിനാൽ ടി തസ്തികയിൽ നിയമനം നടന്നിട്ടില്ല എന്നും കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു.

പ്രസ്തുത സാഹചര്യത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 23-01-2026 തീയതിയിലെ ET1/895612/2025 നമ്പർ ഉത്തരവ് പ്രകാരം മാനേജർ കെ ഇ ആർ അധ്യായം XXI ചട്ടം 7(3) പ്രകാരം സംരക്ഷിതാധ്യാപക നിയമനത്തിനായി തസ്തിക വിട്ടുനൽകിയ 18-03-2025 മുതൽ ശ്രീമതി.അഖില. എ-യുടെ എച്ച്.എസ്.റ്റി (മലയാളം) തസ്തികയിലെ നിയമനം മറ്റു വിധത്തിൽ

ക്രമപ്രകാരം എങ്കിൽ പരിഗണിക്കാൻ കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദേശം നൽകി ഉത്തരവായിരുന്നു.

ആയത് പ്രകാരം ശ്രീമതി.അഖില.എ-യുടെ നിയമന ഫയൽ കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ റീ-ഓപ്പൺ ചെയ്ത് നിയമനാംഗീകാരം നൽകുന്നത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ച് വരികയാണെന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിരിക്കുന്ന വിവരം കൂടി അറിയിച്ചു.

4. സർക്കാർ ഈ വിഷയം, ഹർജിക്കാരന്റെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലെ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.

കൊല്ലം കണ്ണനല്ലൂർ എം.കെ.എൽ.എം.എച്ച്.എസ്.എസ്. ലെ എച്ച്.എസ്.ടി. മലയാളം അധ്യാപിക ശ്രീമതി. മീനാകുമാരി.എം.സി. യുടെ വിരമിക്കൽ ഒഴിവിൽ ശ്രീമതി. അഖില.എ. യെ മാനേജർ 01.06.2023 മുതൽ നിയമിച്ചു. കണ്ണനല്ലൂർ എം.കെ.എൽ.എം.എച്ച്.എസ്.എസ്. ൽ പുതുതായി ആരംഭിച്ച സ്കൂളുകളുടെ ഗണത്തിൽ ഉൾപ്പെട്ടതായതിനാൽ KER അദ്ധ്യായം XXI ചട്ടം 7(3) പ്രകാരം ഒരു തസ്തിക സംരക്ഷിതാധ്യാപക നിയമനത്തിനായി വിട്ടു നൽകേണ്ടതുണ്ടായിരുന്നു. മാനേജർ വിട്ടുനൽകിയ മലയാളം തസ്തികയിൽ 24.12.2022 മുതൽ അധ്യാപകൻ ജോലി ചെയ്തു വന്നിരുന്നുവെങ്കിലും 2023-24 വർഷത്തെ തസ്തിക നിർണ്ണയത്തിലാണ് ആ തസ്തിക നഷ്ടപ്പെട്ടത്. ശ്രീമതി. അഖില.എ. യെ നിയമിക്കുന്ന സമയത്ത് സംരക്ഷിത അധ്യാപകൻ സ്കൂളിൽ ഉണ്ടായിരുന്നുവെങ്കിലും പിന്നീട് 15.07.2023 ൽ ടിയാൾക്ക് തസ്തിക നഷ്ടപ്പെടുന്ന സാഹചര്യമാണ് ഉണ്ടായത്. തുടർന്ന് 2022-23 മുതൽ നിലനിൽക്കുന്നതും ഒഴിഞ്ഞുകിടക്കുന്നതുമായ എച്ച്.എസ്.ടി. (അറബിക്) തസ്തിക സംരക്ഷിതാധ്യാപക നിയമനത്തിനായി 18.03.2025 മുതൽ മാനേജർ വിട്ടു നൽകിയിട്ടുമുണ്ട്. 18.03.2025 മുതലാണ് അഖിലയുടെ നിയമനം പരിഗണിക്കാൻ നിലവിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശിച്ചു നൽകിയിട്ടുള്ളത്. 18.03.2025 മുതൽ മാത്രം അംഗീകരിക്കാൻ ഉത്തരവായിട്ടുള്ള പരാതിക്കാരിയുടെ എച്ച്.എസ്.ടി. മലയാളം തസ്തികയിലെ നിയമനം നിയമന തീയതി ആയ 01.06.2023 മുതൽ ഭിന്നശേഷി സംവരണ വ്യവസ്ഥയ്ക്ക് വിധേയമായി ദിവസ വേതനാടിസ്ഥാനത്തിൽ അംഗീകരിച്ചുകിട്ടണം എന്നുള്ളതാണ് ഹർജിയിലെ ആവശ്യം. ശ്രീമതി. അഖിലയുടെ നിയമന സമയത്ത് സംരക്ഷിതാധ്യാപകൻ ടി സ്കൂളിൽ ജോലി ചെയ്തിരുന്നു. ശ്രീമതി അഖില.എ-യുടെ നിയമനകാലയളവിൽ കെ.ഇ.ആർ അദ്ധ്യായം XXI 7(3) പ്രകാരം മാനേജർ തസ്തിക വിട്ടു നൽകിയിരുന്നതും ആയത് കുട്ടികളുടെ കുറവ് നിമിത്തം പിന്നീട് നഷ്ടപ്പെട്ടതുമാണെന്ന കൊല്ലം വിദ്യാഭ്യാസ ഉപ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയും ചെയ്തു.

5. മേൽ സാഹചര്യത്തിൽ, കൊല്ലം കണ്ണനല്ലൂർ എം.കെ.എൽ.എം.എച്ച്.എസ്.എസ്. ലെ എച്ച്.എസ്.ടി. മലയാളം അധ്യാപിക ശ്രീമതി. അഖില.എ. -യുടെ നിയമനകാലയളവിൽ കെ.ഇ.ആർ അദ്ധ്യായം XXI 7(3) പ്രകാരം മാനേജർ തസ്തിക വിട്ടു നൽകിയിരുന്നതും ആയത് കുട്ടികളുടെ കുറവ് നിമിത്തം പിന്നീട് നഷ്ടപ്പെട്ടതുമാണെന്ന കൊല്ലം വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ,

ടിയാളുടെ നിയമനസമയത്ത് സംരക്ഷിതാധ്യാപകൻ ടി സ്കൂളിൽ നിലവിലുണ്ടായിരുന്നതിനാൽ, ഭിന്നശേഷി സംവരണ നിയമന വ്യവസ്ഥകൾക്ക് വിധേയമായി, മറ്റു വിധത്തിൽ ക്രമ പ്രകാരമെങ്കിൽ, കണ്ണനല്ലൂർ എം.കെ.എൽ.എം.എച്ച്.എസ്.എസ്. ലെ എച്ച് എസ് ടി മലയാളം തസ്തികയിൽ ശ്രീമതി. മീനാകുമാരി. എം.സി., വിരമിച്ച ഒഴിവിലെ, ശ്രീമതി. അഖില. എ യുടെ നിയമനം, നിയമന തീയതിയായ 01.06.2023 മുതൽ ദിവസ വേതനാടിസ്ഥാനത്തിൽ അംഗീകരിക്കാൻ കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി, അപ്രകാരം കൊല്ലം കണ്ണനല്ലൂർ എം.കെ.എൽ.എം.എച്ച്.എസ്.എസ്. ലെ എച്ച്.എസ്.ടി. മലയാളം അധ്യാപിക ശ്രീമതി. അഖില.എ. സമർപ്പിച്ച പരാമർശം (1) പുന:പരിശോധന ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
മാനേജർ, എം.കെ.എൽ.എം. എച്ച്.എസ്.എസ്, കണ്ണനല്ലൂർ,കൊല്ലം
ശ്രീ. അഖില.എ., എച്ച്.എസ്.ടി. (മലയാളം), എം.കെ.എൽ.എം. എച്ച്.എസ്.എസ്, കണ്ണനല്ലൂർ, കൊല്ലം
പൊതുവിദ്യാഭ്യാസ (ജെ എ) വകുപ്പ് (GE-JA3/361/2026-G.EDN തീയതി : 18.07.2026)
വിവര പൊതുജന സമ്പർക്ക ( വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (B2/22/2026-G.EDN)

ഉത്തരവിൻ പ്രകാരം

Digitally signed by
Ragasmitha V M
Date: 04-08-2026
14:57:26
സെക്ഷൻ ഓഫീസർ